

# പിള്ളപ്പാറ സെന്റ് തോമസ് ഇടവക

കേരള സംസ്ഥാനത്തിന്റെയും ഇരിങ്ങാലക്കുട രൂപതയുടെയും കിഴക്കേ അതിർത്തിയിൽ കിടക്കുന്ന അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിൽപ്പെട്ട പിള്ളപ്പാറ പ്രകൃതിദത്തമായ സൗന്ദര്യത്താൽ അനുഗ്രഹീതമായ മലയോരപ്രദേശമാണ്. ആകർഷകമായ അതിരപ്പിള്ളി വെള്ളച്ചാട്ടം ഈ ഇടവകയെ ശ്രദ്ധേയമാക്കുന്നു.

## പള്ളിയുടെ ആരംഭം

ആദ്യകാലങ്ങളിൽ പരിയാരം ഇടവകയുടെയും പിന്നീട് തൂമ്പാക്കോട് ഇടവകയുടെയും വിസ്തൃതമായ പരിധിയിൽപെട്ടതായിരുന്നു ഈ പ്രദേശം. ഇവിടെയുള്ള ക്രൈസ്തവരുടെ ആദ്ധ്യാത്മികാവശ്യങ്ങൾ നടത്തിക്കൊടുക്കുന്നതിന് 1961-ൽ ചിക്ലായി ഭാഗത്ത് ഒരു ദേവാലയം സ്ഥാപിച്ചു. (എന്നാൽ 1960-ൽ വരാപ്പുഴ അതിരൂപതയുടെ കീഴിൽ ലത്തീൻ റീത്തിൽപെട്ട ഒരു ദേവാലയം വെറ്റിലപ്പാറയിൽ സ്ഥാപിച്ചിരുന്നതിനാൽ, അതായിരുന്നു മുമ്പത്തെ പൊതുവായ കത്തോലിക്കാ ദേവാലയം). അവിടെ നിന്ന് അരൂർമുഴിയിലേയ്ക്ക് 1973-ൽ സെന്റ് പോൾ ദേവാലയം മാറ്റി സ്ഥാപിച്ചു. അതിനോട് ചേർന്ന് ഇടവക രൂപം കൊണ്ടപ്പോൾ ഈ ഭാഗത്തുള്ള സീറോമലബാർ കത്തോലിക്കർ സെന്റ് പോൾസ് പള്ളിയിൽ അംഗങ്ങളായി ചേർന്നു.

എന്നാൽ, അരൂർമുഴിയിലേയ്ക്ക് ഈ പ്രദേശത്തുനിന്ന് 6 കിലോമീറ്റർ ദൂരം ഉള്ളതിനാൽ ജനങ്ങളുടെ സൗകര്യാർത്ഥം പിള്ളപ്പാറ പ്രദേശത്തുള്ള ചെർപ്പണത്ത് ഇട്ടീരയുടെ വീട്ടിൽ ബലിയർപ്പണം ആരംഭിച്ചു. തുടർന്ന് പിള്ളപ്പാറ പ്രദേശത്ത് പള്ളി പണിയാനുള്ള ആഗ്രഹത്തോടുകൂടി 1982 നവംബർ 27-ന് സെന്റ് സെബാസ്റ്റ്യന്റെ നാമധേയത്തിൽ ഒരു കപ്പേള അരൂർമൂഴി പള്ളിയുടെ കീഴിൽ സ്ഥാപിച്ചു. അവിടെയുണ്ടായിരുന്ന പരിമിതമായ സ്ഥലത്താണ് പിന്നീട് ദിവ്യബലിയർപ്പിച്ചിരുന്നത്.

## ദേവാലയ നിർമ്മാണം, ഇടവക

അനന്തരം 1987-90 കാലഘട്ടത്തിൽ റവ. ഫാ. ജോസി കൂട്ടാലയുടെ നേതൃത്വത്തിൽ സെന്റ് തോമസിന്റെ നാമധേയത്തിൽ പണിതീർത്ത ഇപ്പോഴത്തെ പള്ളി 1989 നവംബർ 25-ാം തിയ്യതി മാർ ജെയിംസ് പഴയാറ്റിൽ പിതാവ് കുദാശചെയ്തു. 1990 നവംബർ 25-ന് അരൂർമുഴിയിൽ നിന്ന് പിള്ളപ്പാറയെ വേർതിരിച്ച് ഒരു ഇടവകയായി ഉയർത്തി. റവ. ഫാ. ഡേവീസ് കല്ലിങ്ങലൽ ആയിരുന്നു പിള്ളപ്പാറയുടെ പ്രഥമ വികാരി. (Order No. DL 2/90 Dt 16.11.90)

## സേവനസദൻ കോൺവെന്റ്

ഈ പ്രദേശത്തിന്റെ വികസനത്തെ ലക്ഷ്യം വച്ചുകൊണ്ട് ബ. ഡേവീസ് കല്ലിങ്ങൽ അച്ചന്റെ

കാലത്ത് 1990 ഡിസംബർ 21-ാം തിയ്യതി എഫ്.സി.സി. അൽവേർണിയ പ്രോവിൻസിന്റെ സേവനസദൻ കോൺവെന്റ് സ്ഥാപിച്ചു. ഈ പ്രദേശത്തുള്ള ദൈവ ജനത്തിന്റെ ആവശ്യങ്ങളിൽ സഹായിക്കുക, അവരെ ക്രൈസ്തവ വിശ്വാസത്തിൽ വളർത്തുക എന്നതായി രുന്നു, സ്ഥാപനത്തിന്റെ ലക്ഷ്യം.



സേവനസദൻ കോൺവെന്റ്

## മതബോധനഹാൾ

ബഹു. ബെന്നി ചെറുവത്തൂരച്ചന്റെ കാലഘട്ടത്തിൽ (2000-2005) എല്ലാവരുടെയും സഹകരണത്തോടുകൂടി ഒരു മതബോധനഹാൾ പണിതീർത്തത് ഏറെ ഉപകാരപ്രദമാണ്. പിന്നീട് ബഹു. പീറ്റർ കാച്ചപ്പിള്ളിയച്ചൻ വികാരിയായിരുന്നപ്പോഴാണ് സിമിത്തേരിയിൽ കപ്പേളയും കുടുംബ കല്ലറകളും നിർമ്മിച്ചത്.

## സംഘടനകൾ, പ്രസ്ഥാനങ്ങൾ

110 വീടുകൾ ഉള്ള ഈ ഇടവകയിൽ 5 കുടുംബയൂണിറ്റുകളുടെ പ്രവർത്തനംവഴി കുടുംബങ്ങളുടെയും ഇടവകയുടെയും കൂട്ടായ്മ പരിപോഷിപ്പിക്കാൻ സഹായിക്കുന്നു. ഇടവകയിലെ മതബോധനം വളരെ കാര്യക്ഷമമായി നടക്കുന്നുണ്ട്.



സെന്റ് സെബാസ്റ്റ്യൻസ്
കപ്പേള